Web.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - വിവരപൊതുജന സമ്പർക്ക വകുപ്പ് - ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്

സ.ഉ.(സാധാ) നം.3410/2022/GAD തീയതി,തിരുവനന്തപുരം, 06-08-2022

---

പരാമർശം:- 1. സ.ഉ ( സാധാ) നം.2421/2021/പൊ.ഭ.വ. തീയതി 02.07.2021

2. സ.ഉ (കൈ) നം.155/2022/പൊ.ഭ.വ. തീയതി 23.07.2022

3. വിവരപൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ 03/07/2021ലെ എ1/99/2020 നമ്പർ ഫയലിലെ ശുപാർശ

<u>ഉത്തരവ്</u>

ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ നിലവിലുണ്ടായിരുന്ന വിവരപൊതുജന സമ്പർക്ക വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ തസ്തിക വിവരപൊതുജന സമ്പർക്ക വകുപ്പ് ആസ്ഥാനത്തേയ്ക്കും ന്യൂഡൽഹി കേരള ഹൗസിൽ നിലവിലുണ്ടായിരുന്ന വിവരപൊതുജന സമ്പർക്ക വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തിക ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലേക്കും മാറ്റി സൂചന (2) പ്രകാരം ഉത്തരവായിരുന്നു.

മേൽ തസ്തിക പുനക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ കേരള മീഡിയ അക്കാദമിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.എൻ.പി.സന്തോഷിനെ ലാൻഡ് റവന്യൂ കമ്മീണഷണറുടെ ഓഫീസിലും ന്യൂഡൽഹി കേരള ഹൗസിൽ ജോലി ചെയ്തിരുന്ന ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.അനിൽ ഭാസ്കർ-നെ കേരള മീഡിയ അക്കാദമിയിലും നിയമിക്കുന്നതിന് സൂചന (3) പ്രകാരം വിവരപൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ വിവരപൊതുജന സമ്പർക്ക വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ തസ്തികയിൽ താഴെപ്പറയുന്ന സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) നിലവിൽ കേരള മീഡിയ അക്കാദമി സെക്രട്ടറിയായി ജോലിചെയ്തു വരുന്ന ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.എൻ.പി.സന്തോഷിനെ തസ്തിക പുനക്രമീകരണത്തെത്തുടർന്ന് ലാൻഡ് റവന്യൂകമ്മീഷണറുടെ ഓഫീസിൽ നിലവിൽ വന്ന ഒഴിവിൽ ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ നിയമിക്കുന്നു.

2) ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.എൻ.പി.സന്തോഷിന് മീഡിയ അക്കാദമിയിൽ നിന്നും സ്ഥലംമാറ്റം നൽകുന്നതു മൂലം ഉണ്ടാകുന്ന ഒഴിവിൽ ന്യൂഡൽഹി കേരള ഹൗസിൽ ഡെപ്യൂട്ടി ഡയറക്ടറായി ജോലിചെയ്തിരുന്ന ശ്രീ.അനിൽ ഭാസ്കറിനെ അന്യത്രസേവനത്തിന് ബാധകമായ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി കേരള മീഡിയ അക്കാദമി സെക്രട്ടറിയായി ഒരു

വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ ഉടൻ പ്രാബല്യത്തിൽ നിയമിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ വിവരപൊതുജന സമ്പർക്ക വകുപ്പ്
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (വകുപ്പ് മുഖാന്തിരം)
റെസിഡന്റ് കമ്മീഷണർ കേരള ഹൗസ്, ന്യൂഡൽഹി.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, മീഡിയ അക്കാദമി, കാക്കനാട്, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ
സബ്ട്രഷറി ഓഫീസർ, സെക്രട്ടേറിയേറ്റ് സബ് ട്രഷറി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിവരപൊതുജന സമ്പർക്ക (എ) വകുപ്പ്
(എ1/99/2020/ഐ & പി.ആർ.ഡി നമ്പർ ഫയൽ പ്രകാരം)

ഉത്തരവിൻ പ്രകാരം
Signed by Sivakumar G
Date: 06-08-2022 15:53:04
സെക്ഷൻ ഓഫീസർ